# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6003** — **07-07-2014 ൽ മറുപടിയ്ക്ക്**

## പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്ന കർഷകർക്ക് വൈദ്യുതി ചാർജിന് സബ്സിഡി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ശശി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്ന കർഷകർക്ക് വൈദ്യുതി ചാർജിന് സബ്സിഡി നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കാർഷികാവശ്യത്തിനായി ജലസേചന പമ്പുകൾ പ്രവർത്തിപ്പിക്കുന്ന കർഷകർക്ക് സൗജന്യ വൈദ്യുതി കൃഷി വകുപ്പ് ലഭ്യമാക്കുന്നുണ്ട്. 01/08/1995 മുതൽ നെൽകൃഷിയ്ക്ക് പൂർണ്ണമായും 01/04/1997 മുതൽ രണ്ടു ഹെക്ടർ വരെയുള്ള എല്ലാ കാർഷിക വിളകൾക്കും സൗജന്യ വൈദ്യുതി പദ്ധതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 30 സെന്റിൽ കുറയാതെ കൈവശഭൂമിയുള്ളതിൽ 75% ൽ കുറയാതെ കൃഷി ചെയ്യുന്നവരും, അല്ലെങ്കിൽ 10 സെന്റ് പച്ചക്കറി കൃഷി ചെയ്യുന്ന കർഷകനും അല്ലെങ്കിൽ 5 സെന്റ് വെറ്റില കൃഷി ചെയ്യുന്ന കർഷകനുമാണ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളത്. |
| (ബി) ഇത്തരത്തിൽ സബ്സിഡി ലഭിക്കുന്ന കർഷകർ ഉപയോഗിക്കുന്ന പമ്പുസെറ്റുകളുടെ ഗുണമേന്മ നിഷ്കർഷിച്ചുകൊണ്ട് ഏറ്റവും അവസാനം ഇറക്കിയിട്ടുള്ള ഉത്തരവിന്റെ സാരാംശം വെളിപ്പെടുത്തുമോ; ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ; | (ബി) | കാർഷിക പമ്പുസെറ്റുകളുടെ ഗുണമേന്മ നിഷ്കർഷിച്ചുകൊണ്ട് പവർ (എ) വകുപ്പ് 11/04/2014 ൽ ജി.ഒ (പി) നം.10/2014/ പി.ഡി ആയി ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും 1049 നമ്പറിലെ വാല്യം 3 കേരള ഗസറ്റിൽ 21/04/2014 ൽ അത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സ്റ്റാർ ലേബലുള്ള പമ്പ് സെറ്റുകൾ (മിനിമം നാല് സ്റ്റാർ റേറ്റിംഗ് ഉള്ളവയും ഐ.എസ്.ഐ മാർക്കുള്ള അനുബന്ധ സാമഗ്രികളും) കാർഷിക മേഖലയിലെ പുതിയ വൈദ്യുതി കണക്ഷനുകൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ |

ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പമ്പ്സെറ്റുകളിൻ മേൽ ഗുണനിലവാരമില്ലാത്തവ 3 വർഷത്തിനുള്ളിൽ മാറ്റി പുതിയ നിബന്ധന പ്രകാരമുള്ള പമ്പ്സെറ്റുകൾ സ്ഥാപിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(സി) പുതിയ ഉത്തരവിലെ വ്യവസ്ഥയ്ക്ക് വിധേയമായി ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പമ്പുസെറ്റുകൾക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ പമ്പുസെറ്റ് മാറ്റി പുതിയ പമ്പുസെറ്റ് സ്ഥാപിക്കാൻ സബ്സിഡി നൽകുമോ ; നൽകുന്ന സബ്സിഡി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

(സി) ഊർജ്ജ വകുപ്പിന്റെ 11/04/2014 ലെ ജി.ഒ (പി) 10/2014/പി.ഡി ഉത്തരവ് പ്രകാരം ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പമ്പ്സെറ്റുകളിൽ നിഷ്കർഷിച്ച ഗുണനിലവാരമില്ലാത്തവ ഉത്തരവ് തീയതി മുതൽ 3 വർഷത്തിനകം മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. പമ്പ്സെറ്റ് മാറ്റുന്നതിന് സബ്സിഡി നൽകുന്നതുമായി ബന്ധപ്പെട്ട തീരുമാനമൊന്നും ഇതുവരെ എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ